# INDIAN SCHOOL AL WADI AL KABIR

| CLASS: VIII | DEPARTMENT: MALAYALAM | DATE : 21/08/2023 |
| --- | --- | --- |
| Class Note | Lesson: എണ്ണ നിറച്ച കരണ്ടി | Topic: OTQ & Descriptive |

## എണ്ണ നിറച്ച കരണ്ടി

***അർത്ഥം :*** സന്ന്യാസിവര്യൻ = സന്ന്യാസിശ്രേഷ്ഠൻ/ ചുമർ= ഭിത്തി/ ഉദ്യാനം= പൂന്തോട്ടം/ പ്രൗഢം = ദൃഢതയുള്ള/ കരണ്ടി = സ്പൂൺ/ വാസ്തവം = പരമാർത്ഥം

***പര്യായപദങ്ങൾ :*** മകൻ: സുതൻ, തനയൻ, ആത്മജൻ/ അച്ഛൻ: താതൻ, പിതാവ്, ജനകൻ/ ഉദ്യാനം: പൂന്തോട്ടം, ആരാമം, ഉപവനം/ സന്ന്യാസി: ഭിക്ഷു, യതി, താപസൻ/ വർഷം: ആണ്ട്, കൊല്ലം, അബ്ദം/

***നാനാർത്ഥം :*** വർഷം: മഴ, കൊല്ലം

***അർത്ഥവ്യത്യാസം :*** ഉദ്ദേശ്യം = ലക്ഷ്യം, ഉദ്ദേശം = ഏകദേശം/ സമൃദ്ധം = ധാരാളം, സാമർത്ഥ്യം = മിടുക്ക്/ ചുമർ = ഭിത്തി, ചുമൽ = തോള്

***വിപരീതപദം :*** സന്തോഷം X സന്താപം/ ജ്ഞാനി X അജ്ഞാനി/ രഹസ്യം X പരസ്യം/ സമൃദ്ധം X ദരിദ്രം/ കൊട്ടാരം X കുടിൽ/ മൃദുലം X കഠിനം

***എതിർലിംഗം :*** സന്ന്യാസി - സന്ന്യാസിനി/ വൃദ്ധൻ - വൃദ്ധ

***പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക :*** അയാൾ = അ + ആൾ= ആഗമസന്ധി/ പ്രസിദ്ധനായ = പ്രസിദ്ധൻ + ആയ= ആദേശസന്ധി/ എണ്ണയുണ്ട് = എണ്ണ + ഉണ്ട്= ആഗമം/ കോണിപ്പടി = കോണി + പടി = ദ്വിത്വസന്ധി/ പറഞ്ഞതൊന്നും = പറഞ്ഞത് + ഒന്നും= ലോപസന്ധി

***ഉത്തരമെഴുതുക***

***1. ജ്ഞാനിയുടെ കൊട്ടാരത്തിനകത്ത് കച്ചവടക്കാരന്റെ മകനെ വിസ്മയിപ്പിച്ച കാഴ്ചകൾ എന്തെല്ലാം?***

കൊട്ടാരത്തിനകത്തെ തിരക്ക്, വന്നു പോകുന്ന പലതരത്തിലുള്ള ആളുകൾ, മൂലകളിൽ കൂട്ടം കൂടി നിന്ന് സംസാരിക്കുന്ന ജനങ്ങൾ, അവിടെ നടക്കുന്ന ഗാനമേള, സമൃദ്ധമായ വിരുന്നു മേശ, തളികകളിൽ വിളമ്പി വച്ചിരിക്കുന്ന

വിഭവങ്ങൾ, എന്നിവയെല്ലാമാണ് കൊട്ടാരത്തിനകത്ത് കച്ചവടക്കാരൻെറ മകനെ വിസ്മയിപ്പിച്ച കാഴ്ചകൾ.

***2. സന്ന്യാസി കച്ചവടക്കാരൻെറ മകനോട് എന്തു ചെയ്യാനാണ് ആദ്യം ആവശ്യപ്പെട്ടത്?***

എണ്ണയൊഴിച്ച കരണ്ടിയിലെ എണ്ണ കളയാതെ കൊട്ടാരം മുഴുവൻ ചുറ്റിനടന്നു കണ്ട് രണ്ടു മണിക്കൂറിനു ശേഷം തിരിച്ചു വരാനാണ് സന്ന്യാസി കച്ചവടക്കാരൻെറ മകനോട് ആദ്യം ആവശ്യപ്പെട്ടത്.

***3. എന്തെല്ലാം കാഴ്ചകളാണ് രണ്ടാമത്തെ യാത്രയിൽ കച്ചവടക്കാരൻെറ മകൻ കണ്ടത്?***

തട്ടിലും ചുമരിലുമുള്ള കലാസൃഷ്ടികൾ, സുന്ദരമായ ഉദ്യാനം, ചുറ്റുമുള്ള മലനിരകൾ, വിവിധ തരത്തിലും നിറത്തിലുമുള്ള പൂക്കൾ, സൗന്ദര്യ ബോധത്തോടെ തയ്യാറാക്കിയിരിക്കുന്ന തോട്ടം എന്നിവയെല്ലാണ് രണ്ടാമത്തെ യാത്രയിൽ കച്ചവടക്കാരൻെറ മകൻ കണ്ടത്.

**4. വൃദ്ധൻ പറഞ്ഞ കഥയുടെ ഗുണപാഠം എന്തായിരുന്നു?**

സ്വന്തം ഇഷ്ടമനുസരിച്ച് നാടു ചുറ്റി കാഴ്ചകൾ കണ്ട് നടക്കുമ്പോഴും ഇടയൻെറ കണ്ണ് അവൻെറ ആട്ടിൻ കൂട്ടത്തിൽ തന്നെയുണ്ടാകണം എന്നതായിരുന്നു വൃദ്ധൻ പറഞ്ഞ കഥയുടെ ഗുണപാഠം.

***